# കേരള സർവകലാശാല

നം. പി.ആർ.034/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.എ/ബി.കോം പ്രൈവറ്റ് രജിസ്ട്രേഷൻ : തീയതി നീട്ടി

കേരള സർവകലാശാല 2016-18 ( 2015-16 അഡ്മിഷൻ) ബി.എ/ബി.കോം (ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ ഉൾപ്പെടെയുള്ള) വാർഷിക കോഴ്സുകളുടെ പ്രൈവറ്റ് രജിസ്ട്രേഷൻ ചെയ്യുവാനുള്ള തീയതി 3000/- രൂപ പിഴയോടെ മാർച്ച് 28 വരെ നീട്ടി.

### എൽ.എൽ.ബി പരീക്ഷ മാറ്റി

കേരള സർവകലാശാല മാർച്ച് 21-ന് തുടങ്ങാനിരുന്ന അഞ്ചാം സെമസ്റ്റർ ബി.എ എൽ.എൽ.ബി, ബി.കോം എൽ.എൽ.ബി, ബി.ബി.എ എൽ.എൽ.ബി ഇന്റഗ്രേറ്റഡ് പരീക്ഷകൾ മാറ്റി. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

### ബി.കോം ഫലം

കേരള സർവകലാശാല ഒക്ടോബർ/നവംബറിൽ നടത്തിയ ബി.കോം പാർട്ട് മൂന്ന് (ആന്വൽ സ്കീം) സപ്ലിമെന്ററി പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 16 വരെ അപേക്ഷിക്കാം. പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴകൂടാതെ മാർച്ച് 29 (50 രൂപ പിഴയോടെ മാർച്ച് 30, 250 രൂപ പിഴയോടെ ഏപ്രിൽ ഒന്ന്) വരെ അപേക്ഷിക്കാം.

### തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം പരീക്ഷകൾ

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് സർട്ടിഫിക്കറ്റ് ഇൻ കൗൺസിലിംഗ് പരീക്ഷ ഏപ്രിൽ അഞ്ച്, ആറ്, ഏഴ്, എട്ട് തീയതികളിൽ നടത്തും. പരീക്ഷയ്ക്ക് പിഴകൂടാതെ മാർച്ച് 21 (50 രൂപ പിഴയോടെ മാർച്ച് 23, 250 രൂപ പിഴയോടെ മാർച്ച് 28) വരെ അപേക്ഷിക്കാം.

ടി.വി ന്യൂസ് റീഡിംഗ് ആൻഡ് കോംപിയറിംഗ് കോഴ്സ് പരീക്ഷകൾ ഏപ്രിൽ ആറ്, ഏഴ് തീയതികളിൽ നടത്തും. പരീക്ഷയ്ക്ക് പിഴകൂടാതെ മാർച്ച് 23 (50 രൂപ പിഴയോടെ മാർച്ച് 28, 250 രൂപ പിഴയോടെ മാർച്ച് 30) വരെ അപേക്ഷിക്കാം. വിശദമായ ടൈംടേബിൾ സി.എ.സി.ഇ.ഇ ഓഫീസിൽ പ്രസിദ്ധീകരിച്ചു.

### പ്രോജക്ട് ഫെലോ ഒഴിവ്

കേരള സർവകലാശാല കാര്യവട്ടം ബയോകെമിസ്ട്രി പഠനവകുപ്പിൽ കെ.എസ്.സി.എസ്.ടി.ഇയുടെ ധനസഹായത്തോടെ എമിററ്റസ് സയന്റിസ്റ്റ് സ്കീമിലേക്ക് പ്രോജക്ട് ഫെലോയുടെ താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി മാർച്ച് 21. യോഗ്യതയും വിശദവിവരങ്ങളും വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

## ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടർ : വാക് ഇൻ ഇന്റർവ്യൂ

കേരള സർവകലാശാല കാര്യവട്ടം പൊളിറ്റിക്കൽ സയൻസ് പഠനവകുപ്പിന്റെ ആഭിമുഖ്യത്തിൽ രണ്ട് വർഷ കാലാവധിയുള്ള മേജർ റിസർച്ച് പ്രോജക്ടിലേക്ക് ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടർ നിയമനത്തിന് മാർച്ച് 19 ഉച്ചയ്ക്ക് രണ്ട് മണിക്ക് വാക് ഇന്റർവ്യൂ നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

## വേനൽകാല കായിക പരിശീലന ക്യാമ്പ്

കേരള സർവകലാശാല ഫിസിക്കൽ എഡ്യൂക്കേഷൻ വകുപ്പിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി വാർഷിക വേനൽക്കാല കായിക പരിശീലന ക്യാമ്പ് ഏപ്രിൽ 11 മുതൽ മേയ് 13 വരെ പാളയം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നടത്തും. അത്‌ലറ്റിക്സ്, ഫുൾബോൾ, യോഗ എന്നീ ഇനങ്ങളിൽ 12–നും 17 വയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികൾക്കായിരിക്കും പരിശീലനം. സമയം രാവിലെ 6.30 മുതൽ 8.30 വരെ. ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് ലഘുഭക്ഷണം നൽകും. രജിസ്ട്രേഷൻ ഫീസ് 400 രൂപ. അപേക്ഷാഫോമിനും വിശദവിവരങ്ങൾക്കും യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ പ്രവർത്തിക്കുന്ന സർവകലാശാല ഫിസിക്കൽ എഡ്യൂക്കേഷൻ വകുപ്പ് ഓഫീസുമായി ബന്ധപ്പെടുക.

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
16.03.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098